(എ) സംസ്ഥാനത്തെ ചില കോളേജുകളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളോട് വിവേചനം കാണിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) എറണാകുളം സെന്റ് തേരേസാസ് കോളേജ് ഹോസ്റ്റലിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളെ പ്രത്യേകം താമസിപ്പിക്കുന്നതായും കോളേജ് ആഫീസിലെ ചില ജീവനക്കാർ അവരോട് അവഗണനാപൂർവ്വം പെരുമാറുന്നതായും ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർ മുഖേനയും തുടർന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നേരിട്ടും അന്വേഷണം നടത്തിയ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി. റിപ്പോർട്ട് അടിയന്തിരമായി പരിശോധിച്ച് വരികയാണ്. കൂടാതെ കോളേജ് മാനേജ്മെന്റിന്റെ വിശദീകരണം വാങ്ങി സർക്കാരിന് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കർശന നടപടികൾ എടുക്കുന്നതാണ്.

"സംസ്ഥാനത്ത് നിലവിലുള്ള രജിസ്ട്രേഷൻ റൂൾസ്"

7 (*397) ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള രജിസ്ട്രേഷൻ റൂൾസ് എന്നാണ് നിലവിൽ വന്നത്. ഇവ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഒരു വർഷം ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ് ;

(സി) റിക്കാർഡുകൾ കൃത്യമായി സൂക്ഷിക്കേണ്ടത് അത്യാവശ്യമായ ഈ വകുപ്പിൽ അതിനാവശ്യമായ സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ഡി) പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനും എല്ലാ ഓഫീസുകൾക്കും സ്വന്തം കെട്ടിടം പണിയുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദവിവരം നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അണ്ടർവാല്യുവേഷൻ നോട്ടീസുകൾ ഇംഗ്ലീഷിലാണോ നല്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) രജിസ്ട്രേഷൻ വകുപ്പിലെ എഴുത്തുകുത്തുകൾ പൂർണ്ണമായും മലയാളത്തിൽ ആക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള രജിസ്ട്രേഷൻ റൂൾസ് 27-12-1958-ൽ നിലവിൽ വന്നു. ഈ റൂൾസിലെ ബന്ധപ്പെട്ട വകുപ്പുകളിൽ കാലോചിതമായും ആവശ്യാനുസരണമായും പരിഷ്കാരങ്ങൾ വരുത്തുന്നുണ്ട്.

(ബി) പ്രതിവർഷം 295.56 കോടി രൂപ ശരാശരിവരുമാനമായി രജിസ്ട്രേഷൻ വകുപ്പിൽനിന്നും ലഭിക്കുന്നുണ്ട്.

(സി) റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം മിക്ക ആഫീസുകളിലും ഇല്ല. കൂടാതെ ഇവ സൂക്ഷിക്കുന്നതിനാവശ്യമായ അലമാരകളുടെയും റാക്കുകളുടെയും കുറവും അനുഭവപ്പെടുന്നുണ്ട്. എന്നിരുന്നാലും റിക്കാർഡുകൾ നശിച്ചുപോകാതെ സംരക്ഷിക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 308 സബ്രജിസ്ട്രാർ ഓഫീസുകളിൽ 150 എണ്ണം സർക്കാർ വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. ഈ സാമ്പത്തിക വർഷം 4 സബ്രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും അവയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 3 ആഫീസുകളുടെ കെട്ടിടം പണി പുരോഗമിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പുതിയ കെട്ടിടങ്ങൾ പണിയാനുള്ള നിർദ്ദേശത്തിന് അനുമതി നല്കിവരുന്നു. അറ്റകുറ്റപ്പണികൾ ആവശ്യമായവയ്ക്ക് അതിനുള്ള അനുമതി അപ്പപ്പോൾ നല്കിവരുന്നുണ്ട്.

(ഇ) അണ്ടർവാല്യുവേഷൻ നടപടികൾക്കായി ഉപയോഗിക്കുന്ന ചില ഫാറങ്ങൾ ഇംഗ്ലീഷിലാണ്. ഈ കേസുകളിൽമേൽ പുറപ്പെടുവിക്കുന്ന താത്കാലിക/അന്തിമ ഉത്തരവുകൾ മലയാളത്തിലാണ് ബന്ധപ്പെട്ടവർക്ക് നല്കുന്നത്.

(എഫ്) അക്കൗണ്ടന്റ് ജനറലിനും വിവിധ കോടതികൾക്കുമുള്ള എഴുത്തുകുത്തുകൾ ഒഴികെ മറ്റെല്ലാം മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നത്.

ചെമ്മീൻ രോഗം

8 (*398) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. യു. എസ്. ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly